**No. CEE/4600/2019/KEAM-2020/TA3**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2020

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള മോപ് അപ് അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2020-ലെ ബി.ഡി.എസ് കോഴ്സിന്റെ രണ്ടാംഘട്ട അലോട്ട്മെന്റിനു ശേഷം വന്ന ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ മോപ് അപ് കൗൺസിലിംഗിന്റെ അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 09.12.2020ലെ No. DE 22(16)-2020 വിജ്ഞാപനപ്രകാരം രണ്ട് ഘട്ടമായി നടത്തുന്ന ഓൺലൈൻ മോപ് അപ് കൗൺസിലിംഗിന്റെ ആദ്യഘട്ട അലോട്ടുമെന്റാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. 17/12/2020 മുതൽ 20/12/2020 ഉച്ചയ്ക്ക് 1.00 മണി വരെ ലഭ്യമായ ഓപ്ഷനുകൾ പരിഗണിച്ചാണ് മോപ് അപ്പ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. 18.12.2020ലെ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ് മോപ് അപ്പ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

മോപ് അപ് അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് 2020 ഡിസംബർ 26 മുതൽ 30 വൈകുന്നേരം 4.00 മണി വരെ പ്രവേശനം നേടാവുന്നതാണ്. ഫീസ് അടയ്ക്കാനുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം 26.12.2020 മുതൽ ലഭ്യമാകുന്നതാണ്.

മോപ്അപ് അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കുള്ള അലോട്ട്മെന്റ് മെമ്മോ 2020 ഡിസംബർ 26 മുതൽ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാക്കുന്നതാണ്. ഇത് സംബന്ധമായ വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
22.12.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**